ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്, സാനിട്ടറി സർട്ടിഫിക്കറ്റ് എന്നിവ ബോർഡ് മെമ്പർ പരിശോധിച്ചതിനുശേഷമാണ്. എല്ലാ വർഷവും വകുപ്പിൽനിന്ന് ഗസറ്റഡ് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ സ്ഥാപനത്തിൽ പരിശോധന നടത്താറുണ്ട്. സാമൂഹ്യനീതി ഓഫീസർ, ലോക്കൽ ഫണ്ട് ആഡിറ്റ്, ആഭ്യന്തരം, ആരോഗ്യം എന്നീ വകുപ്പുകളും തുടർപരിശോധനകൾ നടത്താറുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പ്രവേശിപ്പിച്ചിരിക്കുന്ന അന്തേവാസികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സ്ഥാപനം	ആൺകുട്ടികൾ	പെൺകുട്ടികൾ	പുരുഷന്മാർ	സ്ത്രീകൾ
1	ഓർഫനേജ്	1994	341	-	-
2	ഓൾഡേജ്	-	-	216	135
3	പി.എച്ച്.ഹോം	-	-	40	-
	ആകെ	1994	341	256	135

ക്ഷേമപെൻഷനുകളുടെ തപാൽ വകുപ്പ് വഴിയുള്ള വിതരണം

289 (3496) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തപാൽവകുപ്പ് വഴി ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തപാൽ വകുപ്പിനോട് ആവശ്യപ്പെടുമോ;

(ബി) ഭാവിയിൽ ക്ഷേമപെൻഷനുകൾ തപാൽ വഴി വിതരണം ചെയ്യുന്നത് കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് വരുന്നു.

അങ്കണവാടികളുടെ പുനർനിർണ്ണയം

290 (3497) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളുടെ എണ്ണം നിർണ്ണയിക്കുന്നതിന് സ്വീകരിച്ച വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ബി) അശാസ്ത്രീയമായ പരിധിനിർണ്ണയംമൂലം അംഗൻവാടി വഴി വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾക്ക് ദൂരെയുള്ള കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് മൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ കൂടി കണക്കിലെടുത്ത് ജനസംഖ്യാടിസ്ഥാനത്തിൽ ശാസ്ത്രീയമായി അംഗൻവാടികളുടെ പരിധി പുനർനിർണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ജനസംഖ്യാ മാനദണ്ഡപ്രകാരം ചുവടെ ചേർക്കുന്ന രീതിയിൽ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് അങ്കണവാടികൾ അനുവദിക്കുന്നത്.

റൂറൽ/അർബൻ പ്രദേശങ്ങൾ:

400-800 ജനസംഖ്യ	-	1 അങ്കണവാടി
800-1600 ജനസംഖ്യ	-	2 അങ്കണവാടി
1600-2400 ജനസംഖ്യ	-	3 അങ്കണവാടി

ശേഷമുള്ള ഓരോ 800 ജനസംഖ്യയ്ക്കും ഒരു അങ്കണവാടി വീതം അനുവദിക്കാം.

മിനി അങ്കണവാടി കേന്ദ്രങ്ങൾ:

150-400 ജനസംഖ്യ- 1 മിനി അങ്കണവാടി

ട്രൈബൽ/റിവൈറൈൻ/ഡെസേർട്ട്/ഹില്ലി ആന്റ് മറ്റ് ഒറ്റപ്പെട്ട പ്രദേശങ്ങൾ:

300-800 ജനസംഖ്യ	-	1 അങ്കണവാടി
150-300 ജനസംഖ്യ	-	1 മിനി അങ്കണവാടി

(ബി) ഇല്ല.

(സി) ബാധകമല്ല.

കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ

291 (3498) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കു നേരെയുള്ള ലൈംഗികാതിക്രമങ്ങൾ, ബാലവേല, കുട്ടികളെ കടത്തൽ, ശൈശവ വിവാഹം എന്നിവ വർദ്ധിക്കുന്നത് നമ്മുടെ സാമൂഹിക പരിതസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുട്ടികളുടെ അവകാശ സംരക്ഷണത്തിൽ കാര്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് ഇത് കൈവരിക്കാൻ കഴിഞ്ഞത്;

(സി) കുട്ടികളുടെ അവകാശ സംരക്ഷണത്തിനും അവർക്കുനേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പൊതുസമൂഹത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സഹകരണം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly